**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പത്തനംതിട്ട ജില്ല — ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ.സി. സുരേഷ് കുമാറിനെതിരായ അച്ചടക്ക നടപടി - 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരമുള്ള ഔപചാരിക അന്വേഷണത്തിന് പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.2096/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 30.07.2018

==========================================================================

പരാമർശം: 1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 19.02.2016-ലെ ഇ 3(എസ് സി 30/2015/പിറ്റിഎ) 31370/15 നമ്പർ കത്ത്

2. സർക്കാരിന്റെ 01.12.2016-ലെ 91/ഇപിബി2/2016/തസ്വഭവ നമ്പർ കുറ്റപത്രം
3. ശ്രീ. കെ.സി. സുരേഷ് കുമാർ സമർപ്പിച്ച 25.01.2017 തീയതിയിലെ പ്രതിവാദ പത്രിക
4. പഞ്ചായത്ത് ഡയറക്ടറുടെ 24.05.2018-ലെ ഡി11-42951/2016 നമ്പർ കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലയിൽ ചിറ്റാറിൽ പ്രവർത്തിക്കുന്ന ഡെൽറ്റാ ഗ്രാനൈറ്റ്സ് എന്ന ക്രഷർ കമ്പനിക്ക് മൈനിങ്ങ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും ക്രമവിരുദ്ധമായി ക്വാറിയിങ്ങ് പെർമ്മിറ്റ് നൽകി എന്ന ആരോപണം സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ചിറ്റാർ ഗ്രാമപഞ്ചായത്തിൽ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു.

വിജിലൻസ് അന്വേഷണത്തിൽ, ഡെൽറ്റാ ഗ്രാനൈറ്റ്സ് & സാന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനം പാരിസ്ഥിതിക അനുമതി ഇല്ലാതെയാണ് പ്രവർത്തിച്ചു വന്നതെന്നും 01.04.2015 മുതൽ 12.10.2015 വരെ പഞ്ചായത്തിൽ നിന്ന് ഡി&ഒ ലൈസൻസ് ഇല്ലാതെയും 28.02.2015-ൽ പാറഖനനത്തിന് നൽകിയ അപേക്ഷയിൽ മറുപടി ലഭിച്ചിട്ടില്ല എന്ന പേരിൽ ടി കമ്പനി പാറ ഖനനം തുടർന്നു വന്നിട്ടുള്ളതാണെന്നും 26.02.2014-ലെ സി2/92/14, 913/14 എന്നീ അപേക്ഷകളിൽ അപേക്ഷയെക്കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടിന്റെ ഭാഗവും പഞ്ചായത്ത് സെക്രട്ടറിയുടെ തീരുമാനത്തിന്റെ ഭാഗവും എഴുതി രേഖപ്പെടുത്താതെയാണ് ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ളതെന്നും 28.02.2015-ൽ ടി കമ്പനിയിൽ നിന്നും പാറഖനനത്തിന് നൽകിയ അപേക്ഷയിൽ നടപടി സ്വീകരിക്കാതിരുന്നതും നിയമാനുസരണം മറുപടി നൽകാതിരുന്നതും ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വീഴ്ചയാണെന്നും ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചുവന്ന ഡൽറ്റാ അഗ്രിഗേറ്റ്സ് & സാന്റ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെ ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമപരമായ നടപടി യഥാസമയം സ്വീകരിച്ചിട്ടില്ലാത്തതാണെന്നും 12.10.2015 തീയതി വിജിലൻസ് ഓഫീസിൽ

നിന്നും അനധികൃതമായി പാറഖനനം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ ആവശ്യപ്പെട്ടതിനു ശേഷമാണ് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുള്ളതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനധികൃതമായി പാറഖനനത്തിന് വേണ്ട സഹായം ചെയ്ത് കൊടുത്തിട്ടുള്ളതുമാണെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. തുടർന്ന് ടി വീഴ്ചകൾക്കുത്തരവാദിയായ ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. സുരേഷ് കുമാറിനെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. സുരേഷ് കുമാറിന് പരാമർശം (2) പ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു

കുറ്റപത്രത്തിന് ശ്രീ. സുരേഷ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിൽ ആരോപണങ്ങളെല്ലാം നിഷേധിക്കുകയും പാറഖനനത്തിനെതിരെ നിലപാടെടുത്ത താൻ പാറഖനനത്തിന് സഹായം നൽകി എന്ന് വ്യാഖ്യാനിച്ച് തന്നിൽ മന:പൂർവ്വം കുറ്റം ചാർത്താനാണ് ശ്രമിച്ചിട്ടുള്ളതെന്നും തന്റെ ഭാഗത്തുനിന്നും മന:പൂർവ്വമായ വീഴ്ചകളൊന്നും ഉണ്ടായിട്ടില്ലെന്നും ബോധിപ്പിച്ചിട്ടുണ്ട്. ശ്രീ. സുരേഷ് കുമാർ സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ശ്രീ. സുരേഷ് കുമാറിന് കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകിയതിനാലും കുറ്റാരോപണങ്ങളെല്ലാം ശ്രീ. സുരേഷ് കുമാർ നിഷേധിച്ചതിനാലും ശ്രീ. സുരേഷ് കുമാറിനെതിരെ ഔപചാരിക അന്വേഷണം നടത്തേണ്ടതുണ്ടെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 അനുശാസിക്കും പ്രകാരം ചിറ്റാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സുരേഷ് കുമാറിനെതിരെ ചുമത്തിയിട്ടുള്ള ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പത്തനംതിട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 30 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
2. ശ്രീ. കെ.സി. സുരേഷ് കുമാർ, മുൻ സെക്രട്ടറി, ചിറ്റാർ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, ചിറ്റാർ ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/91/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ